## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3381

18.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എസ്.സി/എസ്.ടി. മാതൃകയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;<br>(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൻപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്ത് എസ്.സി/എസ്.ടി. മാതൃകയിൽ, ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുക, ന്യൂനപക്ഷങ്ങളുടെ വിവിധ ആവശ്യങ്ങളും ആവലാതികളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക എന്നീ ലക്ഷ്യങ്ങളോടു കൂടി 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാനസർക്കാരുകളുടെ വിവിധ ക്ഷേമ പദ്ധതികൾ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ എത്തിക്കുകയും ഇവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക എന്നതാണ് ന്യൂനപക്ഷ പ്രമോട്ടർമാരുടെ മുഖ്യ കർത്തവ്യം. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പ്രൊമോട്ടർമാരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ